SUNDAY 03/11/2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/11/2024

1. നാടൻ പച്ചക്കറി ഇനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാലയിൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്തോടെ നടത്തുന്ന പദ്ധതിയിലേക്കായി തനതു പച്ചക്കറി ഇനങ്ങളുടെ വിവരശേഖരണം നടത്തുന്നു. ഇത്തരം ഇനങ്ങൾ കൈവശമുള്ള കർഷക സുഹൃത്തുക്കൾ 7994207268 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. മൃഗസംരക്ഷണ വകുപ്പ്, കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പുമായി ചേർന്ന് 'ഗോസമൃദ്ധി- NLM 2024-25' ഇൻഷൂറൻസ് പദ്ധതിയിലൂടെ 50,000 പശുക്കൾക്കും അവയുടെ ഉടമകൾക്കും ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കും. കന്നുകാലി ഇൻഷൂറൻസ് ചരിത്രത്തിൽ ആദ്യമായിട്ടാണ് മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന ഇൻഷൂറൻസ് വകുപ്പുമായി ചേർന്ന് കന്നുകാലികൾക്കും ഉടമകൾക്കുമായി ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുന്നത് . ആയതിന്റെ മുന്നോടിയായി ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാലിന്റെയും മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണിയുടെയും സാന്നിധ്യത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെയും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പിന്റെയും ഉന്നത ഉദ്യോഗസ്ഥർ ധാരണാ പത്രത്തിൽ ഒപ്പു വച്ചു. യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി മുഖേനയാണ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

3. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിലെ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 2024-25 അധ്യയന വർഷത്തിൽ എട്ട്, ഒമ്പത്, പത്ത്, പ്ലസ് വൺ ക്ലാസുകൾ മുതൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ,

കോച്ചിങ്ങ് ഉൾപ്പെടെ പഠിക്കുന്നവർക്ക് അപേക്ഷിക്കാം. മുൻ അധ്യായന വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർ ആനുകൂല്യം പുതുക്കുന്നതിന് അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപന ഉടമയുടെ സാക്ഷ്യപത്രം എന്നിവയുടെ മാതൃക വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് സാക്ഷ്യപ്പെടുത്തിയ ശേഷം അപേക്ഷ സമർപ്പിക്കണം. www.labourwelfarefund.in വെബ്സൈറ്റ് മുഖേന നവംബർ 25നകം അപേക്ഷ സമർപ്പിക്കണം.

4. വെള്ളായണി കാർഷിക കോളേജിലെ വിജ്ഞാന വ്യാപന വിഭാഗത്തിൽ ICODICE പ്രോജക്ടിലേക്ക് റിസർച്ച് അസിസ്റ്റന്റ്, സ്കിൽഡ് അസിസ്റ്റന്റ് എന്നി ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ഇന്റർവ്യൂ നവംബർ 4 രാവിലെ 11 മണിയ്ക്ക്. കരാർ അടിസ്ഥാനത്തിലാണ് നിയമനം. റിസർച്ച് അസിസ്റ്റന്റ് (1 ഒഴിവ്). യോഗ്യത: അഗ്രികൾച്ചർ ബിരുദം + എം.ബി.എ.ശമ്പളം: 40000 രൂപ., സ്കിൽഡ് അസിസ്റ്റന്റ് (2 ഒഴിവ്). യോഗ്യത: അഗ്രികൾച്ചർ ബിരുദം ശമ്പളം: 12500 രൂപ. ബയോഡേറ്റ അയയ്ക്കേണ്ട ഇമെയിൽ: icodice2024@gmail.com കൂടുതൽ വിവരങ്ങൾക്ക് : archana.rs@kau.in

5. ക്ഷീര വികസന വകുപ്പ് കോട്ടയം ജില്ലയിലെ മാഞ്ഞൂർ യൂണിറ്റ് - കാണക്കാരി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതി 2024-25 പ്രകാരം കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡിക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ കാണക്കാരി ഗ്രാമപഞ്ചായത്തിൻ്റെ പരിധിയിൽ വരുന്ന ക്ഷീരസംഘങ്ങളിൽനിന്നു ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ നവംബർ അഞ്ചിനുള്ളിൽ സംഘങ്ങളിൽ നൽകണം. ക്ഷീര സംഘത്തിൽ പാൽ അളക്കാത്ത കർഷകർ അപേക്ഷയോടൊപ്പം വെറ്ററിനറി സർജൻ്റെ സാക്ഷ്യപത്രവും നൽകണം. വിശദവിവരങ്ങൾക്ക് 04829-243878 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. മൃഗസംരക്ഷണവകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ട്രാക്ടർ, ടില്ലർ എന്നിവ 08/11/2024 ന് രാവിലെ 11.30 മണിക്ക് ഫാം പരിസരത്തുവച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസമയത്തിനു മുൻപായി 1000/- രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിവരങ്ങൾക്ക് 0471 273296 2 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

7. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ വച്ച് 'പഴം - പച്ചക്കറി സംസ്കരണം' എന്ന വിഷയത്തിൽ ഏക ദിന പരിശീലന പരിപാടി 07.11.2024 ന് നടത്തുന്നു. 500/- രൂപയാണ് ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം നൽകുന്നത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ആഫീസ് സമയങ്ങളിൽ 9995766982 എന്ന ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം